# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 483

27.09.2016 -ൽ മറുപടിക്ക്

### വിനോദസഞ്ചാര കേന്ദ്രത്തിലെ ശുചിത്വമില്ലായ്മ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വമില്ലായ്മ വിനോദസഞ്ചാര വികസനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) വിനോദസഞ്ചാര കേന്ദ്രങ്ങൾ വൃത്തിഹീനമാക്കുന്നവർക്കെതിരെയുള്ള നടപടികൾ ഫലപ്രദമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ;<br><br>സി) വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്നതിനും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ ? | ബി) & സി) കേരളത്തിലെ വിനോദസഞ്ചാരമേഖലകൾ വൃത്തിയായി പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ നിയന്ത്രണത്തിനും സമഗ്ര പദ്ധതി ഡി.റ്റി.പി.സി., തദ്ദേശസ്വയംഭരണ വകുപ്പ് എൻ.ജി.ഒ.കൾ എന്നിവ മുഖാന്തിരം നടത്തി വരുന്നു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ ഡി.റ്റി.പി.സി.കൾ മുഖേന ബോധവത്ക്കരണ പ്രവർത്തനം നടത്തി വരുന്നു. കൂടാതെ ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിന്റെ ഭാഗമായി |

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിറ്റിപിസി കൾ മുഖേന ടൂറിസം കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതാനും ചില ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് മാലിന്യ ങ്ങൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലേക്കായി യുദ്ധകാലാടിസ്ഥാനത്തിൽ 'ഗ്രീൻ കാർപ്പറ്റ്' എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരികയാണ്. ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒരിനം, മാലിന്യ നിയന്ത്രണമാണ്.

സെക്ഷൻ ഓഫീസർ.